# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 28.04.2026**

## പ്രധാനവാർത്തകൾ

1. പശ്ചിമബംഗാൾ രണ്ടാംഘട്ട നിയമസഭ തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് നാളെ. കേരളത്തിൽ വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

2. ആഗോളതലത്തിൽ ഭീകരവാദത്തെ ഉന്മൂലനം ചെയ്യുന്നതിൽ ഷാങ്ഹായ് സഹകരണ സംഘടന നിർണായക പങ്കാണ് വഹിക്കുന്നതെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് .

3. വൈദ്യുതി പ്രതിസന്ധിക്കിടെ, സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ച് കെ.എസ്.ഇ.ബി. വൈകുന്നേരം ആറിനും, പന്ത്രണ്ടിനുമിടയിൽ അരമണിക്കൂറിൽ താഴെ ആയിരിക്കും നിയന്ത്രണം.

4. ഉഷ്ണതരംഗത്തിൻറെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾക്ക് ജാഗ്രത നിർദ്ദേശം നൽകി കേന്ദ്രസർക്കാർ.

5. കനത്ത വേനലിന് ആശ്വാസമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് വേനൽമഴയെത്തി. വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

6. ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് പഞ്ചാബ് കിംഗ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. ഐ എസ് എൽ ഫുട്ബോളിൽ, ഇന്ന് ഈസ്റ്റ് ബംഗാൾ-ഒഡീഷ പോരാട്ടം.

********************************

PNUTVPM

## പശ്ചിമ ബംഗാൾ തിരഞ്ഞെടുപ്പ്

പശ്ചിമ ബംഗാളിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് നാളെ രാവിലെ 7 മണിക്ക് ആരംഭിക്കും. 142 മണ്ഡലങ്ങളിലായി 3 കോടി 20 ലക്ഷം വോട്ടർമാരാണ് രണ്ടാംഘട്ടത്തിൽ സമ്മതിദാനാവകാശം വിനിയോഗിക്കുന്നത്. 1,448 സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ട്. 41,001 പോളിങ്ങ് സ്റ്റേഷനുകളാണ് വോട്ടെടുപ്പിനായി ക്രമീകരിച്ചിരിക്കുന്നത്. സുരക്ഷയ്ക്കായി 2,321 കമ്പനി കേന്ദ്രസേനയെ സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെ നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും മെയ് നാലിനാണ് വോട്ടെണ്ണൽ. വോട്ടെണ്ണലുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റാൻഡമൈസേഷനും, പരിശീലന പരിപാടികളും സംസ്ഥാനത്ത് പുരോഗമിക്കുകയാണ്.

*****************************************

## രാജ്നാഥ് സിംഗ്

ആഗോളതലത്തിൽ ഭീകരവാദത്തെ ഉന്മൂലനം ചെയ്യുന്നതിൽ ഷാങ്ഹായ് സഹകരണ സംഘടന നിർണായക പങ്കാണ് വഹിക്കുന്നതെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് . കിർഗിസ്ഥാനിലെ ബിഷ്കെക്കിൽ ഷാങ്ഹായ് പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പഹൽഗാമിലെ ഭീകരാക്രമണത്തിൻറെ ഇരകളെ അനുസ്മരിച്ച രാജ്യരക്ഷാമന്ത്രി, ഓപ്പറേഷൻ സിന്ദൂറിലൂടെ , തീവ്രവാദത്തിനെതിരെ ഇന്ത്യ ശക്തമായ പോരാട്ടം നടത്തിയതായും വ്യക്തമാക്കി. ഭീകരതയെ പിന്തുണയ്ക്കുന്ന സുരക്ഷിത താവളങ്ങളെ ഇല്ലായ്മ ചെയ്യുന്നതിന് ലോകരാജ്യങ്ങൾ ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം പറഞ്ഞു. ഷാങ്ഹായ് അംഗരാജ്യങ്ങളിൽ നിന്നുള്ള പ്രതിരോധ മന്ത്രിമാർ പങ്കെടുക്കുന്ന യോഗം, മേഖലയിലെ പ്രതിരോധം, സുരക്ഷ തുടങ്ങിയ വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്.

RNU TVPM

******************************

## കെ എസ് ഇ ബി (ഇൻട്രോ)

വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി ഉന്നതതലയോഗത്തിൽ തീരുമാനം. വൈകുന്നേരം ആറിനും, പന്ത്രണ്ടിനുമിടയിൽ അരമണിക്കൂറിൽ താഴെ സമയത്തേക്ക് ആയിരിക്കും നിയന്ത്രണം.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.......**

**(വോയിസ്)**

രാജ്യത്താകെ വ്യാപിച്ചിരിക്കുന്ന ഉഷ്ണതരംഗത്തിന്റെ പശ്ചാത്തലത്തിൽ ദേശീയ വിപണിയിൽ വൈദ്യുതിലഭ്യത ഗണ്യമായി കുറഞ്ഞതായും ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാറിൻറെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി. ആവശ്യകതയുടെ 70 ശതമാനത്തിലേറെയും വൈദ്യുതി പുറത്തുനിന്നും വാങ്ങുന്ന സംസ്ഥാനമെന്ന നിലയിൽ ഇത് കേരളത്തിന് പ്രതിസന്ധിയാകുന്നതായി യോഗം അഭിപ്രായപ്പെട്ടു. കേന്ദ്ര ഉത്പാദന നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി ലഭ്യതയിൽ ഉണ്ടായിരുന്ന 200 മെഗാവാട്ടിന്റെ കുറവ് ഇന്നത്തോടെ പരിഹരിക്കപ്പെടുമെന്നും കെ എസ് ഇ ബി അറിയിച്ചു.

PNUTVPM

******************************

## കേന്ദ്രതൊഴിൽ മന്ത്രാലയം- ഉഷ്ണതരംഗം.

ഉഷ്ണതരംഗത്തിൻറെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾക്ക് ജാഗ്രത നിർദ്ദേശം നൽകി കേന്ദ്രസർക്കാർ. തൊഴിലാളികളുടെ സുരക്ഷയ്ക്കായി കേന്ദ്ര തൊഴിൽ മന്ത്രാലയം മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു . മതിയായ കുടിവെള്ള സൗകര്യങ്ങളും വിശ്രമ സ്ഥലങ്ങളും ഉറപ്പാക്കുക, തൊഴിൽസ്ഥലങ്ങൾ ശീതീകരിക്കുക തുടങ്ങി നിരവധി നിർദേശങ്ങളാണ് തൊഴിൽ മന്ത്രാലയം മുന്നോട്ട് വയ്ക്കുന്നത്. , ഇ

എസ് ഐ ആശുപത്രികളിലടക്കം, സൂര്യാഘാത ചികിത്സയ്ക്കായി പ്രത്യക ഹെൽപ്പ് ഡെസ്കുകൾ ക്രമീകരിക്കണമെന്നും ചീഫ് സെക്രട്ടറിമാർക്ക് നൽകിയ നിർദ്ദേശത്തിൽ പറയുന്നു.

******************************

## കേരളത്തിൽ കനത്ത ചൂട്

കനത്ത വേനലിന് ആശ്വാസമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് വേനൽമഴയെത്തി. വരും ദിവസങ്ങളിൽ മഴ കൂടുതൽ ശക്തിപ്പെടുമെന്നാണ് കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മറ്റന്നാൾ മഞ്ഞ ജാഗ്രത നൽകി. പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ വെള്ളിയാഴ്ചയും, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ശനിയാഴ്ചയും മഞ്ഞ ജാഗ്രതയാണ്. മഴയ്ക്കൊപ്പം ഇടിമിന്നലിനും, ശക്തമായ കാറ്റിനും സാധ്യതയുണ്ട്. സംസ്ഥാനത്ത് ഇന്ന് താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിരുന്നു.

RNUTVPM

******************************

## മഴ-തൊഴിലാളി മരിച്ചു

കൊല്ലം ചിതറ ഓയിൽ പാം എസ്റ്റേറ്റിൽ, ശക്തമായ മഴയിൽ എണ്ണപ്പന വീണ് തൊഴിലാളി മരിച്ചു. വിളക്കുപാറ സ്വദേശി സരിതയാണ് മരിച്ചത്. എസ്റ്റേറ്റിലെ കാട് വെട്ടുന്നതിനിടെയാണ് അപകടം .

******************************

## സൂര്യാതപമേറ്റ് മരിച്ചു

തിരുവനന്തപുരം വർക്കലയിൽ സൂര്യാതപമേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ഇടവ വെൺകുളം സ്വദേശി ഷൈൻ ആണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരിച്ചത്. കഴിഞ്ഞ പതിനെട്ടാം തീയതി ജോലി

കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങവേ റോഡിൽ കുഴഞ്ഞുവീണ ഷൈനെ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

*******************************

## അന്തർ മന്ത്രാലയം

പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിലും, രാജ്യത്തുടനീളം ഗാർഹിക എൽപിജി, പിഎൻജി, ഗതാഗതത്തിനുള്ള സിഎൻജി എന്നിവയുടെ വിതരണം 100 ശതമാനം ഉറപ്പാക്കിയതായി കേന്ദ്ര സർക്കാർ. കുടിയേറ്റ തൊഴിലാളികൾക്കുള്ള അഞ്ച് കിലോഗ്രാം എൽപിജി സിലിണ്ടറുകളുടെ വിതരണം ഇരട്ടിയാക്കിയതായും പെട്രോളിയം മന്ത്രാലയം വ്യക്തമാക്കി. കയറ്റുമതിയിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചു വരുന്നതായി ടെക്സ്റ്റൈൽസ് മന്ത്രാലയവും അറിയിച്ചു.

*******************************

## മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്ത് SSLC പരീക്ഷ ഫലം മെയ് 15 ന് പ്രഖ്യാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഹയർ സെക്കണ്ടറി, വോക്കഷണൽ ഹയർ സെക്കണ്ടറി ഫലം മെയ് 22 നും പ്രഖ്യാപിക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

*******************************

## ഹർത്താൽ

ബി ഡിഎസ് വിദ്യാർത്ഥി നിതിൻ രാജിൻറെ മരണത്തിൽ പ്രതിഷേധിച്ച് വിവിധ സംഘടനകൾ ആഹ്വാനം ചെയ്ത ഹർത്താലിനെ തുടർന്ന് സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഗതാഗതം ഭാഗികമായി തടസ്സപ്പെട്ടു. നിതിൻറെ ജന്മനാടായ നെടുമങ്ങാട് ഉൾപ്പെടെ തിരുവനന്തപുരം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വാഹനങ്ങൾ തടയുന്ന സാഹചര്യമുണ്ടായി. പത്തനംതിട്ട അടൂരിൽ വാഹനം തടഞ്ഞ ഹർത്താൽ അനുകൂലികളെ പോലീസ് ബലം പ്രയോഗിച്ച് നീക്കി. കണ്ണൂർ ജില്ലയിലെ വിവിധയിടങ്ങളിലും സമരാനുകൂലികൾ വാഹനങ്ങൾ തടഞ്ഞു.

*******************************

## കെ പവിത്രൻ

പ്രശസ്ത ഓങ്കോളജിസ്റ്റ് ഡോക്ടർ കെ പവിത്രൻ അന്തരിച്ചു. അമൃത ഹോസ്പിറ്റൽ- മെഡിക്കൽ ഓങ്കോളജി വിഭാഗം മേധാവിയായിരുന്നു. രാജ്യത്തെ തന്നെ മികച്ച അർബുദ ചികിത്സകരിൽ ഒരാളായിരുന്ന അദ്ദേഹം രണ്ട് പതിറ്റാണ്ടിലേറെയായി അമൃത ആശുപത്രിയിൽ സേവനം അനുഷ്ഠിച്ച് വരികയായിരുന്നു.

*******************************

## ജലാശയങ്ങളിൽ അപകടങ്ങൾ-കണ്ണൂർ (ഇൻട്രോ)

ജലാശയങ്ങളിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സുരക്ഷ മുൻനിർത്തി കണ്ണൂർ ഇരിട്ടിയിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്ന പ്രവർത്തി ആരംഭിച്ചു.
**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ ....**
**(വോയിസ്)**

*******************************

## ജലവിതരണം

ജലശുദ്ധീകരണ ശാലകളിലും, പൈപ്പ് ലൈനിലും അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ തിരുവനന്തപുരം നഗരത്തിലെ വിവിധ മേഖലകളിൽ വ്യാഴാഴ്ച രാവിലെ എട്ട് മണി മുതൽ വെള്ളിയാഴ്ച രാവിലെ എട്ടുമണി വരെ ജലവിതരണം മുടങ്ങുമെന്ന് വാട്ടർ അതോറിറ്റി. ഉപഭോക്താക്കൾ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

*******************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് പഞ്ചാബ് കിംഗ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. രാത്രി 7:30 ന് പഞ്ചാബിലെ ന്യൂ ചണ്ഡീഗഢിലാണ് മത്സരം.

*******************************

## ഐഎസ്എൽ

ഐ എസ് എൽ ഫുട്ബോളിൽ, ഇന്ന് ഈസ്റ്റ് ബംഗാൾ-ഒഡീഷ എഫ് സിയെ നേരിടും. രാത്രി 7.30 ന് ഗോവയിലാണ് മത്സരം.

RNU TVPM

*****************************

## ഓഹരി /സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 416 പോയിന്റ് താഴ്ന്ന് 76,886 ലും, നിഫ്റ്റി 97 പോയിന്റ് നഷ്ടത്തിൽ 23,995 ലും വ്യാപാരം അവസാനിച്ചു . സ്വർണവില കുത്തനേ ഇടിഞ്ഞു. ഇന്നലത്തെ വിലയിൽ നിന്നും പവന് 2,040 രൂപ കുറഞ്ഞ് പവന് ഒരു ലക്ഷത്തി,10,680 രൂപയും, ഗ്രാമിന് 13,835 രൂപയുമാണ് നിലവിൽ വില . ഇന്ന് മൂന്ന് തവണയാണ് സ്വർണവില കുറഞ്ഞത്

*****************************

## മുഹമ്മദ് സലിം ദോല

അധോലോക കുറ്റവാളി ദാവൂദ് ഇബ്രാഹിമിൻറെ അടുത്ത അനുയായിയും, അന്താരാഷ്ട്ര മയക്കുമരുന്ന് ശൃംഖലയിലെ പ്രധാനിയുമായ സലിം ദോലയെ തുർക്കിയിൽ നിന്നും ഇന്ത്യയിലെത്തിച്ചു. നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും മറ്റ് ഏജൻസികളും ചേർന്നാണ് ഇതിനുള്ള നിർണായക നീക്കം നടത്തിയത്.

RNU TVPM

*****************************

## മോഷണം -കോഴിക്കോട്

അൻപതിലധികം മോഷണ കേസിൽ പ്രതിയായ കർണ്ണാടക ഷിമോഗ സ്വദേശി ഡോളർ അനി എന്നറിയപ്പെടുന്ന അനിൽകുമാർ, കൂട്ടുപ്രതി താമരശ്ശേരി സ്വദേശി ജയിംസ് എന്നിവരെ കോഴിക്കോട് പോലീസ് അറസ്റ്റ് ചെയ്തു. കഴിഞ്ഞ മാസം സൈബർ ഫോറൻസിക് വിദഗ്ദൻ വിനോദ് ഭട്ടതിരിപ്പാടിൻ്റെ വീട്ടിൽ നടത്തിയ കവർച്ചയെ തുടർന്ന് കർണ്ണാടകയിലും, തമിഴ്നാട്ടിലും തിരച്ചിൽ നടത്തിയ പോലീസ് തേനി ടൗണിൽ നിന്നാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്.

*****************************************************************************

*****************************